
പൂതക്കുളം ഗ്രാമപഞ്ചായത്ത്



പൗരാവകാശ രേഖ

2026

പൂതക്കുളം ഗ്രാമപഞ്ചായത്ത് കാര്യാലയം,

പൂതക്കുളം പി.ഒ., കൊല്ലം 691302

ഫോൺ: 0474 – 2512267

25 - 01 - 2026

ആമുഖം

ബഹുമാന്യരെ,

ജനങ്ങളുടെ അവകാശസംരക്ഷണത്തിനും, അറിയാനുള്ള അവകാശത്തിനുംഉള്ള നടപടിക്രമങ്ങൾ പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിന് പൗരാവകാശ രേഖയുടെ 2026 വർഷത്തെ പുതുക്കിയ പതിപ്പ് സമർപ്പിക്കുന്നു.

പൂതക്കുളം ഗ്രാമപഞ്ചായത്താഫീസും അതിന്റെ അധീനതയിലുള്ള മറ്റ് സ്ഥാപനങ്ങളും നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ, സേവനങ്ങൾ എന്നിവയുടെ പൂർണ്ണരൂപവും അവ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം രേഖകൾ സമർപ്പിക്കേണ്ടതാണെന്നും എത്ര ദിവസത്തിനകം (നിയമം അനുശാസിക്കുന്നരീതിയിൽ) സേവനം നൽകാൻ കഴിയുമെന്നതും പൗരാവകാശ രേഖയിലൂടെ വ്യക്തമാക്കുന്നു.

പൗരാവകാശ രേഖയിൽ നിന്നും വിരുദ്ധമായി ഉദ്യോഗസ്ഥർ പ്രവർത്തിക്കുകയാണെങ്കിൽ പ്രസിഡന്റിന് പരാതി നൽകുവാൻ പൊതുജനങ്ങൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

അഴിമതിമുക്തവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരുടെ ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് പൗരാവകാശരേഖ സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

(ഒപ്പ്)
ജെ. പ്രദീപ്
(പ്രസിഡന്റ്, പൂതക്കുളം ഗ്രാമപഞ്ചായത്ത്)

(ഒപ്പ്)
രാജേഷ് ആർ.
സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത്

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	പൂതക്കുളം
ഗ്രേഡ്	:	സ്പെഷ്യൽ ഗ്രേഡ്
റവന്യൂ ജില്ല	:	കൊല്ലം
താലൂക്ക്	:	കൊല്ലം
ബ്ലോക്ക്	:	ഇത്തിക്കര
വില്ലേജുകൾ	:	പൂതക്കുളം
വിസ്തീർണ്ണം	:	16.56 ച.കി.മീ.
വാർഡുകളുടെ എണ്ണം	:	19

അതിരുകൾ

വടക്ക്	:	പരവൂർ മുൻസിപ്പാലിറ്റി ചിറക്കര ഗ്രാമപഞ്ചായത്ത്
കിഴക്ക്	:	ചിറക്കര, കല്ലുവാതുക്കൽ, ഇലകമൺ ഗ്രാമപഞ്ചായത്തുകൾ
തെക്ക്	:	ഇലകമൺ ഗ്രാമപഞ്ചായത്ത് ഇടവ-നടയറ കായൽ
പടിഞ്ഞാറ്	:	പരവൂർ മുൻസിപ്പാലിറ്റി ഇടവ-നടയറ കായൽ

ജനസംഖ്യ

(2011 സെൻസസ്)	:	29447
പുരുഷന്മാർ	:	13276
സ്ത്രീകൾ	:	16171
പട്ടികജാതി ജനസംഖ്യ	:	4222
പട്ടികജാതി പുരുഷൻ	:	1946
പട്ടികജാതി സ്ത്രീ	:	2276
ജനസാന്ദ്രത	:	1778/ച.കി.മീ
സാക്ഷരത	:	82.88%

ഭരണസമിതി അംഗങ്ങൾ

			ഫോൺ നമ്പർ
പ്രസിഡന്റ്	:	ശ്രീ. ജെ. പ്രദീപ്	9895121002
വൈസ് പ്രസിഡന്റ് & ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	:	ശ്രീമതി ഇന്ദു എസ്.ആർ.	9605220339
വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	ശ്രീ. അതുൽ എസ്.	8606606097
ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	ശ്രീമതി ലൈലാജോയി	7356517480
ആരോഗ്യം, വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റിചെയർപേഴ്സൺ	:	ശ്രീമതി ജാസ്മി ജെ.എസ്.	9446962929
അംഗങ്ങൾ	:	ശ്രീ. ശിവൻ ജി.ജെ.	9846935301
		ശ്രീമതി രാജി	8714127647
		ശ്രീ. വി.കെ. സുനിൽകുമാർ	8590483019
		ശ്രീമതി ചിപ്പി ചന്ദ്രൻ	9645043434
		ശ്രീ. സജീഷ്	9995063593
		ശ്രീമതി ശ്രീജ എസ്.	9947270447
		ശ്രീമതി ബിജി	9633557021
		ശ്രീ. രാം രാജൻ	9567508674
		ശ്രീമതി ബീന പി.	9744845638
		ശ്രീമതി ബിന്ദു എസ്.	7306649552
		ശ്രീ. സുരേഷ് സി.	9656655564
		ശ്രീ. നൗഷാദ് ആർ.	7902575785
		ശ്രീമതി ഷീലാകുമാരി	9544458056
		ശ്രീമതി ഗീത	9048414210
സെക്രട്ടറി	:	രാജേഷ് ആർ.	9496041815

പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന മറ്റ് പ്രതിനിധികൾ

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ	ലോകസഭാംഗം	9400117700
ശ്രീ. ജി.എസ്. ജയലാൽ	നിയമസഭാംഗം	9447092323
ശ്രീ. കെ.എസ്. ബിനു	ജില്ലാ പഞ്ചായത്ത് അംഗം	
ശ്രീ. സുഭാഷ് ബാബു (പുത്തൻകുളം ഡിവിഷൻ)	ബ്ലോക്ക് പഞ്ചായത്ത് അംഗം	
ശ്രീമതി കെ.എൻ. ശ്രീദേവിഅമ്മ (പൂതക്കുളം ഡിവിഷൻ)	ബ്ലോക്ക് പഞ്ചായത്ത് അംഗം	9946636730
ശ്രീമതി ജീജ സന്തോഷ് (കലയ്ക്കോട് ഡിവിഷൻ)	ബ്ലോക്ക് പഞ്ചായത്ത് അംഗം	7994096412

പഞ്ചായത്തിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച്

സെക്രട്ടറി	(1)
അസിസ്റ്റന്റ് സെക്രട്ടറി	(1)
ജൂനിയർ സൂപ്രണ്ട്	(1)
അക്കൗണ്ടന്റ്	(1)
സീനിയർ ക്ലാർക്ക്	(4)
ക്ലാർക്ക്	(3)
ഓഫീസ് അറ്റന്റഡന്റ്	(2)
പാർട്ട് ടൈം സ്വീപ്പർ	(3)
പാർട്ട് ടൈം ഫെറിമാൻ	(1)
പാർട്ട് ടൈം ലൈബ്രേറിയൻ	(1)

ജനപ്രതിനിധികളുടെ അധികാരങ്ങൾ, ചുമതലകൾ

1. പ്രസിഡന്റ്

V മുഖ്യ കാര്യ നിർവ്വഹണാധികാരി

- പഞ്ചായത്ത് യോഗം വിളിച്ച് ചേർക്കൽ
- കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കൽ
- യോഗാധ്യക്ഷത വഹിക്കൽ, നിയന്ത്രിക്കൽ
- കൈമാറി കിട്ടിയവരടക്കമുള്ള ജീവനക്കാരുടെ പ്രവർത്തികളുടെ മേൽനോട്ടം
- ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കൽ
- ധനാഗമന വിനിയോഗരീതി അധികൃതമാക്കൽ
- ഭരണപരമായ റിപ്പോർട്ടുകളും സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കൽ
- പഞ്ചായത്ത് പ്രസിഡന്റ് ബ്ലോക്ക് പഞ്ചായത്തിലെ എക്സ്-ഒഫിഷ്യാ മെമ്പറായിരിക്കും
- സെക്രട്ടറി, ഗസറ്റ്ഡ് ഉദ്യോഗസ്ഥർ എന്നിവരൊഴികെയുള്ള ജീവനക്കാരെ (കൈമാറിയ ജീവനക്കാരുൾപ്പെടെ) കൃത്യ വിലോപത്തിനോ ആജ്ഞാലംഘനത്തിനോ പഞ്ചായത്തിന് വേണ്ടി സസ്പെൻഡ് ചെയ്യാനുള്ള അധികാരം

  പഞ്ചായത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട ഏത് ഫയലും റിക്കാർഡും ആവശ്യപ്പെടാനും ഉത്തരവ് നൽകാനും പ്രസിഡന്റിന് അധികാരമുണ്ട്. സെക്രട്ടറിയുടെ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളിൽ പ്രസിഡന്റിന് ഇടപെടാവുന്നതല്ല.
- ആക്ട് പ്രകാരം സെക്രട്ടറിയ്ക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ തീരുമാനമെടുക്കുന്നതിന് നിയമം പ്രത്യേകം അനുവദിക്കാത്ത എല്ലാ ഫയലുകളിലും കാര്യ നിർവ്വഹണാധികാരം പ്രസിഡന്റിന് ആയതിനാൽ പ്രസിഡന്റിന്റെ ഉത്തരവ് ആവശ്യമാണ്. പ്രസിഡന്റ് ഒരു മുഴുവൻ കാര്യ നിർവ്വഹണാധികാരിയാണ്.
- തപാലുകൾ യഥാസമയം പരിശോധിക്കൽ, അനന്തര നടപടികൾക്ക് നിർദ്ദേശം നൽകൽ. ഫയലുകളിൽ ആവശ്യമായ ഉത്തരവ് / നിർദ്ദേശം നൽകൽ നിശ്ചിത പരിധിയിലുള്ള കണ്ടിജൻസി ചെലവുകൾ ചെയ്യാനുള്ള ഉത്തരവ് നൽകൽ
- പഞ്ചായത്ത് കമ്മിറ്റി നിരോധിച്ചിട്ടില്ലാത്ത ഏത് കാര്യത്തിനും അടിയന്തിര സാഹചര്യത്തിൽ നിയമാനുസൃതമായി

  പഞ്ചായത്ത് ഫണ്ടുപയോഗിക്കാൻ രേഖാമൂലം നിർദ്ദേശിക്കൽ
- പഞ്ചായത്ത് പാസാക്കിയ തീരുമാനങ്ങൾ/പ്രമേയങ്ങൾ നിയമാനുസൃതമല്ലന്നോ നിയമപരിധികവിഞ്ഞതെന്നോ നടപ്പാക്കിയാൽ പൊതു ജനതാല്പര്യത്തിനെതിരുന്നോ കരുതുന്നെങ്കിൽ അത് സർക്കാരിലേയ്ക്ക് റഫറു ചെയ്യൽ
- പഞ്ചായത്ത് യോഗത്തിലെ ചോദ്യങ്ങൾക്ക് അനുമതി നൽകൽ ക്രമപ്രശ്നങ്ങൾക്ക് തീരുമാനമെടുക്കൽ
- സെക്രട്ടറി സമർപ്പിക്കുന്ന കരട് യോഗ നടപടി കുറിപ്പ് പരിശോധിച്ച് തീരുമാനങ്ങൾ ഉറപ്പ് വരുത്തി അംഗീകരിച്ച് നൽകൽ
- സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കൽ
- വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, അംഗങ്ങൾ എന്നിവരുടെ യാത്രാപ്പടി ബില്ലുകൾ സൂഷ്മപരിശോധന നടത്തി പാസാക്കൽ
- മരാമത്ത് പണികൾ ടെൻഡർ ചെയ്യുന്നതിനും കരാറുകളിൽ പ്രവേശിക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകൽ

2. വൈസ്പ്രസിഡന്റിന്റെ ചുമതലകൾ – അധികാരങ്ങൾ

വൈസ്പ്രസിഡന്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എക്സ് ഓഫീഷിയോ ചെയർമാൻ കൂടിയാണ്. അതിനാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്ന നിലയ്ക്കുള്ള അധികാരങ്ങളും ഉണ്ടായിരിക്കും. പ്രസിഡന്റിന്റെ അഭാവത്തിലോ, 15 ദിവസത്തിൽ കൂടുതൽ പ്രസിഡന്റിന് അദ്ദേഹത്തിന്റെ ചുമതലകൾ നിറവേറ്റാൻ കഴിയാതെ വരുന്ന സാഹചര്യത്തിലോ പ്രസിഡന്റിന്റെ എല്ലാ അധികാരങ്ങളും ചുമതലകളും വൈസ് പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കും.

3. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ചുമതലകൾ

എ. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, അക്കൗണ്ടുകൾ, ബഡ്ജറ്റ്, ഓഡിറ്റ്, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യം ചെയ്യുന്നു.

ബി. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

വികസന പദ്ധതി ആസൂത്രണം, സാമൂഹ്യ സാമ്പത്തിക കാര്യങ്ങൾ, കൃഷി, മൃഗസംരക്ഷണം, നീർത്തടപരിപാലനം, ജലസേചനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിടം, വൈദ്യുതി, തൊഴിലുറപ്പ് പദ്ധതി എന്നിവ ഈ കമ്മിറ്റി കൈകാര്യം ചെയ്യുന്നു.

സി. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പട്ടികജാതി വികസനം, വനിത, ശിശുവികസനം, സാമൂഹ്യക്ഷേമം, ദാരിദ്ര നിർമ്മാർജ്ജനം, പരിസ്ഥിതി, കുടുംബശ്രീ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

ഡി. ആരോഗ്യം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

പൊതുജനാരോഗ്യം, ശുചിത്വം, പ്രൈമറി വിദ്യാഭ്യാസം, സാക്ഷരത, കലയം സംസ്കാരവും, വിനോദവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ വിളിച്ചു കൂട്ടുക, യോഗാദ്ധ്യക്ഷത വഹിക്കുക, ചോദ്യങ്ങൾക്ക് മറുപടി നൽകുക എന്നിവ ചെയർമാൻമാരുടെ ചുമതലകളാണ്. താഴെ പറയുന്ന ചുമതലകൾ കൂടി ചെയർമാൻമാർ വഹിക്കേണ്ടതുണ്ട്.

- സ്റ്റാന്റിംഗ് കമ്മിറ്റിയിലെ 2/3 അംഗങ്ങളിൽ കുറയാത്തവർ ഒരു വിഷയം ചർച്ച ചെയ്യുന്നതിനാവശ്യപ്പെട്ടാൽ 48 മണിക്കൂറിനകം ചെയർമാൻ യോഗം വിളിച്ചുകൂട്ടണം
- സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കൂടുന്ന തീയതി, സമയം, ചർച്ച ചെയ്യുന്ന വിഷയങ്ങൾ എന്നിവ പ്രസിഡന്റിനെ അറിയിക്കണം.
- സെക്രട്ടറി ചെയർമാൻമാരുമായി ആലോചിച്ച് അജണ്ട തയ്യാറാക്കണം. ചെയർമാൻമാർ നിർദ്ദേശിക്കുന്ന വിഷയങ്ങളും അജണ്ടയിൽ ഉൾപ്പെടുത്തണം.
- അജണ്ടക്കുറിപ്പ് രേഖപ്പെടുത്തുവാൻ സെക്രട്ടറിയെ പോലെ ചെയർമാനും അവകാശമുണ്ട്.

പഞ്ചായത്തംഗങ്ങളുടെ അവകാശങ്ങൾ / ഉത്തരവാദിത്വങ്ങൾ

- പഞ്ചായത്ത് യോഗങ്ങളിൽ പങ്കെടുക്കുക. ചർച്ചകളിൽ അഭിപ്രായം പ്രകടിപ്പിക്കുക. പഞ്ചായത്ത് യോഗങ്ങളിൽ പ്രസിഡന്റിനോടോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോടോ പരമാവധി രണ്ട് ചോദ്യങ്ങൾ ചോദിക്കാം. ചോദ്യങ്ങൾ ഏഴ് ദിവസം മുമ്പ് നൽകിയിരിക്കണം. യോഗത്തിൽ അനുബന്ധചോദ്യവും ആകാം.
- പഞ്ചായത്തു ഭരണവുമായി ബന്ധപ്പെട്ട് പ്രമേയം അവതരിപ്പിക്കാം. ഏഴ് ദിവസം മുമ്പ് പ്രമേയത്തിന്റെ പകർപ്പും നോട്ടീസും പ്രസിഡന്റിന് നൽകണം.

- പഞ്ചായത്ത് നടത്തുന്ന ജോലികളും പദ്ധതികളും പരിശോധിക്കാം ക്രമക്കേടുകൾ കണ്ടാൽ പഞ്ചായത്തിന്റെ ശ്രദ്ധയിൽ
  കൊണ്ടുവരാം.
- ജനകീയ ആവശ്യങ്ങളും പൊതു പ്രാധാന്യ കാര്യങ്ങളും പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.
- യോഗം കഴിഞ്ഞു 48 മണിക്കൂറിനുള്ളിൽ എല്ലാ അംഗങ്ങൾക്കും പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് സെക്രട്ടറി നൽകുന്നതാണ്.
  സെക്രട്ടറിയുടെ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളിൽ ജനപ്രതിനിധികൾ ഇടപെടരുത്.
  വികേന്ദ്രീകൃത ആസൂത്രണം നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.
  അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ് പ്രവർത്തനങ്ങളെ സഹായിക്കുക.
- യോഗതീരുമാനങ്ങൾക്ക് വോട്ടെടുപ്പ് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ വോട്ട് രേഖപ്പെടുത്തുക.
- പഞ്ചായത്തനുവാദമില്ലാതെ 3 യോഗത്തിൽ /3 മാസത്തിൽ തുടർച്ചയായി യോഗത്തിൽ ഹാജരാകാതെയിരുന്നാൽ അംഗങ്ങൾക്ക് അയോഗ്യത സംഭവിക്കും പഞ്ചായത്ത് അനുമതിയോടെ 6 മാസം വരെ യോഗത്തിൽ ഹാജരാകാതിരിക്കാവുന്നതാണ്.
- പഞ്ചായത്തിന്റെ ധനനഷ്ടത്തിനോ പാഴാക്കലിനോ ദുർവിനിയോഗത്തിനോ ഇടയാക്കിയാലും ആസ്തി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകാതിരുന്നാലും നികുതി കുടിശിഖകൾ വരുത്തിയാലും അയോഗ്യത സംഭവിക്കും.
  മൂന്നിൽ കുറയാതെയുള്ള മെമ്പർമാർക്ക് ഏതെങ്കിലും ആവശ്യത്തിന് പഞ്ചായത്ത് യോഗം വിളിച്ച് കൂട്ടാൻ പ്രസിഡന്റിനോട് ആവശ്യപ്പെടാം. പ്രസിഡന്റ് 10 ദിവസത്തിനകം യോഗം വിളിച്ച് കൂട്ടുന്നില്ലെങ്കിൽ ഈ മെമ്പർമാർക്ക് യോഗം വിളിച്ച് കൂട്ടാം
  1/3 കുറയാതെയുള്ള അംഗങ്ങൾക്ക് പ്രസിഡന്റ് വൈസ്പ്രസിഡൻര് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരിൽ ആരോടെങ്കിലും അവിശ്വാസം തോന്നുന്നുണ്ടെങ്കിൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് പ്രമേയത്തിന്റെ പകർപ്പടക്കം നോട്ടീസ് നൽകാം.
  എല്ലാ മെമ്പർമാർക്കും 1990-ലെ കൂറുമാറ്റ നിരോധനനിയമവും അതിന്റെ ചട്ടങ്ങളും ബാധകമാണ്. ഉത്തമവിശ്വാസത്തോടുകൂടി പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും നിയമത്തിലെ 248, 249, 250, 251 വകുപ്പുകൾ സംരക്ഷണം നൽകുന്നു.

ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ

- ഗ്രാമപഞ്ചായത്തിന്റെ മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ
- പഞ്ചായത്തിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും യോഗങ്ങളിൽ പങ്കെടുക്കുകയും ഉപദേശക നിലയിൽ ചർച്ചകളിൽ പങ്കെടുക്കുകയും യോഗതീരുമാനങ്ങൾ നടപ്പാക്കുകയും ചെയ്യുക. തദ്ദേശ സ്വയം ഭരണ വകുപ്പും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഇതരവകുപ്പുകളും പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതികളും പരിപാടികളും അവയുടെ നിർവ്വഹണം, നടത്തിപ്പ്, മേൽനോട്ടം, അക്കൗണ്ടിംഗ് പ്രവർത്തനങ്ങളുടെ ക്രോഡീകരണം, റിക്കാർഡുകളുടെ സൂക്ഷിപ്പ് എന്നിവയ്ക്ക് നേതൃത്വം നൽകുന്നു.
- ✷ കോടതികളിലും മറ്റ് സ്ഥാപനങ്ങളിലും ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്നു.
- ✷ ജീവനക്കാരുടെ സേവന വേതന ആനുകൂല്യങ്ങളും നിയന്ത്രണം സംബന്ധിച്ച പ്രവർത്തനങ്ങൾ നിയമവിധേയമായി ഉപയോഗിക്കുന്നു.
- ✷ ഗ്രാമപഞ്ചായത്തിലെ എല്ലാ ആസ്തികളുടെയും ഉടമസ്ഥനും ചുമതലക്കാരനും സംരക്ഷകനുമായി പ്രവർത്തിക്കുന്നു.
- ✷ പഞ്ചായത്ത് അധികൃതമാക്കിയ എല്ലാ ചെലവുകളും ചെയ്യുക.
- ✷ ജനനമരണ വിവാഹ രജിസ്ട്രേഷൻ ചുമതലയുള്ള ലോക്കൽ രജിസ്ട്രാറുടെ അധികാര അവകാശങ്ങൾ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.
- ✷ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ

പൗരന്റെ ഭരണഘടനാനുസൃത ചുമതലകൾ

- ഭരണഘടനയോടും അടിസ്ഥാനമൂല്യങ്ങളോടുമുള്ള ആദരവും അനുസരണയും
- പൊതുമുതലുകൾ സംരക്ഷിക്കൽ, പരിപാലിക്കൽ
- ചരിത്ര സംസ്കാരിക സമ്പത്തുകൾ സംരക്ഷിക്കൽ
- പ്രകൃതി സമ്പത്ത്, വന - വന്യജീവികൾ, പരിസ്ഥിതി സന്തുലനം എന്നിവ പരിപോഷിപ്പിക്കൽ
- സ്ത്രീ പദവിയും അന്തസ്സും സംരക്ഷിക്കുക, സ്ത്രീ വിരുദ്ധ നടപടികളെ ചെറുക്കുക.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചെറുക്കുക ശസ്ത്രാഭിരുചിയും ശാസ്ത്രീയബോധവും മാനവികതയും വളർത്തുക.
- രാഷ്ട്രത്തിന്റെ ഐക്യവും പരമാധികാരവും അഖണ്ഡതയും കാത്തു സൂക്ഷിക്കുക, അനിവാര്യഘട്ടത്തിൽ രാഷ്ട്ര സേവന സന്നദ്ധത പ്രകടിപ്പിക്കുക.

പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പൗരസമൂഹത്തിന്റെ ചുമതലകൾ

- ഗ്രാമസഭയിൽ പങ്കെടുക്കുക ക്രിയാത്മക ജനാധിപത്യം സാർത്ഥകമാക്കാൻ തദ്ദേശ ഭരണ പ്രക്രിയയെ നേരിട്ട് പങ്ക് വഹിക്കുക.
- നികുതി വെട്ടിപ്പ് തടയുക, കൃത്യമായി നികുതി ഒടുക്കുക, നികുതി നൽകുന്നതിൽ കൃത്രിമം കാട്ടാതിരിക്കുക.
- വിഭവസമാഹരണത്തിൽ പങ്കാളിയാവുക
- ആസൂത്രണ നിർവ്വഹണ വിലയിരുത്തലുകളിൽ പങ്കാളികളാവുക
- പൊതുസ്ഥലത്ത് മാലിന്യ നിക്ഷേപം അനുവദിക്കാതിരിക്കുക
- ശുചിത്വം, രോഗപ്രതിരോധം, പോഷകാഹാര വിതരണം, സാക്ഷരത, നിയമബോധനം, തർക്കപരിഹാരം പ്രക്രിയ തുടങ്ങിയ പ്രവർത്തനങ്ങളിൽ പഞ്ചായത്തിനോട് സഹകരിക്കുക.
- മൗലിക വാദം, വിഭാഗീയത എന്നിവയ്ക്കെതിരെ പ്രവർത്തിക്കുക. സാമൂഹ്യഐക്യത്തിന് വേണ്ടി പ്രവർത്തിക്കുക. അഴിമതിയ്ക്കും ദുർഭരണത്തിനുമെതിരെ ജാഗരൂകരാകുക.
- പ്രകൃതി വിഭവങ്ങൾ പൊതു ഗതാഗത സംവിധാനം, മലിനജല നിർഗ്ഗമന സംവിധാനം, ഉർജ്ജ സംരക്ഷണ സംവിധാനം തുടങ്ങിയ കാര്യങ്ങൾ പരിപാലിക്കുന്നതിൽ സഹകരിക്കുക.
- V മദ്യപാനം മയക്കുമരുന്ന് ഉപഭോഗം, സ്ത്രീധനം, സ്ത്രീപീഡനം, ബാലവേല തുടങ്ങി സാമൂഹിക തിന്മകൾക്കെതിരെ അണിനിരക്കുക.
- V പരിസ്ഥിതി സന്തുലനം ഉറപ്പ് വരുത്തുക
- V പ്രകൃതി ദുരന്ത ബാധിതരെ സഹായിക്കുക
- V സമ്പാദ്യ ശീലം വളർത്തുക
- V വികസനാവശ്യത്തിന് ഭൂമി വിട്ടുകൊടുക്കുക, അനധികൃതമായി പൊതു ഭൂമി കൈവശപ്പെടുത്താതിരിക്കുക.
- V പൊതുസ്ഥലങ്ങളിൽ പുകവലി, മദ്യപാനം തുടങ്ങിയവ ഒഴിവാക്കുക, നിയമവ്യവസ്ഥകൾ പാലിക്കുക
- V സ്ത്രീ പുരുഷതുല്യതയും നീതിയും പരിപാലിക്കുക.

ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന സാമൂഹ്യക്ഷേമ സുരക്ഷാ പദ്ധതികൾ

പഞ്ചായത്തീരാജ് സംവിധാനത്തിന് മുമ്പ് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വന്നിരുന്ന ക്ഷേമ സുരക്ഷ പദ്ധതികൾ ഭൂരിഭാഗവും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയുണ്ടായി. സമൂഹത്തിലെ അശരണരും ആലംബഹീനരുമായ നിർദ്ധനർക്ക് സഹായം എത്തിക്കുന്ന ഈ പദ്ധതികളുടെ പ്രയോജനം അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ധാർമ്മികമായ ബാദ്ധ്യതയാണ്. ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന ക്ഷേമ - പെൻഷനുകൾ ചുവടെ ചേർക്കുന്നു.

- ✷ വിധവാപെൻഷൻ
- ✷ കർഷക തൊഴിലാളി പെൻഷൻ
- ✷ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
- ✷ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം
- ✷ പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം
- ✷ വികലാംഗപെൻഷൻ
- ✷ 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ
- ✷ തൊഴിൽ രഹിത വേതനം
- ✷ സ്ത്രീ സുരക്ഷാ പെൻഷൻ

V ഈ പദ്ധതികൾക്ക് അർഹരായവർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകേണ്ടതാണ്.

2008 – ലെ പൊതു വിവാഹ രജിസ്ട്രേഷൻ

പഞ്ചായത്ത് പ്രദേശത്ത് വച്ചു നടക്കുന്ന എല്ലാ വിവാഹവും മതഭേദമന്യേ ചട്ടം നിലവിൽ വന്ന 29/02/2008 മുതൽ നിർബന്ധമായും പഞ്ചായത്താഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. വിവാഹം കഴിഞ്ഞ് 45 ദിവസത്തിനുള്ളിലാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. 45 ദിവസത്തിനുശേഷം അഞ്ചു വർഷം വരെ 100 രൂപ പിഴ സഹിതം ലോക്കൽ രജിസ്ട്രാർക്കും അഞ്ചു വർഷത്തിനുശേഷം 250 രൂപ പിഴ സഹിതം ചീഫ് രജിസ്ട്രാറുടെ അനുമതിയോടെയും രജിസ്ട്രേഷൻ നടത്താവുന്നതാണ്. സ.ഉ.(സാധാ) നം. 2404/2021/എൽ.എസ്.ജി.ഡി. തീയതി 29-11-2021 പ്രകാരം ഓൺലൈനായും വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.

രജിസ്ട്രേഷന് ആവശ്യമായ രേഖകൾ

മെമ്മോറാണ്ടം രണ്ട് പകർപ്പ് (രണ്ട് പകർപ്പിലും ഭാര്യ ഭർത്താക്കന്മാരുടെ ഫോട്ടോ പതിക്കുകയും അവരും രണ്ട് സാക്ഷികളും തീയതി വച്ച് ഒപ്പ് വെയ്ക്കേണ്ടതുമാണ്.)

വിവാഹം, വയസ്സ്, ജനനതീയതി എന്നിവ തെളിയിക്കുന്ന രേഖകൾ - (പാസ്പോർട്ട്, സ്കൂൾരേഖ, എസ്.എസ്.എൽ.സി, ഡ്രൈവിംഗ് ലൈസൻസ്, ജനനസർട്ടിഫിക്കറ്റ് ഇവയിലേതെങ്കിലും ഒന്ന്)

രജിസ്ട്രേഷൻ ഫീസ് - 100 രൂപ

സർട്ടിഫിക്കറ്റ് - 20 രൂപ

ഫ്രണ്ട് ഓഫീസ് സംവിധാനം

കേരള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം നടപ്പാക്കാനായി ബഹു.പഞ്ചായത്ത് ഡയറക്ടർ 18.01.2007 -ൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനാണ് ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചിട്ടുള്ളത്. സ.ഉ.(കൈ) നം. 75/2022/എൽ.എസ്.ജി.ഡി. തീയതി - 06-04-2022 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റുവെയർ വഴി ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് രസീത് നൽകി സമയബന്ധിതമായി സേവനം തിരികെ ലഭ്യമാക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം ഓഫീസ് പ്രവർത്തനം ജനസൗഹൃദപരവും കാര്യക്ഷമവുമാക്കുന്നതിന് ഉത്തേജകമാകുന്ന ഒരു ഏകജാലസംവിധാനമാണ്. സേവന വിവരബോർഡുകൾ, തപാൽപ്പെട്ടി, പരാതിപ്പെട്ടി, നിയമസ്ഥാപനങ്ങൾ സംബന്ധിച്ച അറിയിപ്പ്, യോഗങ്ങൾ സംബന്ധിച്ച ബോർഡ് എന്നിവ ഫ്രണ്ട് ആഫീസ് സംവിധാനത്തിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ളതാണ്. പൊതുജനങ്ങൾക്ക് ഇരിപ്പട സംവിധാനം കുടിവെള്ളം, യൂറിനൽ കം ലാട്രിൻ സൗകര്യം സ്റ്റേഷനറി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

സിറ്റിസൺ അസിസ്റ്റന്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുമ്പാകെ നൽകുന്ന അപേക്ഷയിന്മേൽ നിശ്ചിത സമയത്തിനകം നിയമാനുസൃത തീർപ്പു ലഭിക്കാത്ത പക്ഷം പൊതുജനങ്ങൾക്കു ഓൺലൈൻ മുഖേന ഹർജി നൽകുന്നതിനുള്ള നൂതന അദാ

ലത്ത് സംവിധാനമാണ് സിറ്റിസൺ അസിസ്റ്റന്റ് എന്ന പൊതുജന സഹായ പോർട്ടൽ.

കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, കെട്ടിട നമ്പറിങ്, ലൈസൻസുകൾ, ജനന മരണ വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹർജികളാണ് പരിഗണിക്കുന്നത്. ഹർജികൾ നൽകുന്നതി നായി സന്ദർശിക്കുക. https://adalat.lsgkerala.gov.in പൂതക്കുളം ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന അദാലത്ത് സമിതി കൺവീനറുടെ ഫോൺ നമ്പർ: 9496046924.

സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ

ഒപ്പമുണ്ട് ഉറപ്പാണ് എന്ന ടാഗ്‌ലൈനോടുകൂടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ വകുപ്പുകൾ, ഏജൻസി കൾ, സർവ്വകലാശാലകൾ, ഭരണഘടനാ സ്ഥാപനങ്ങൾ എന്നിവ മുഖേന ലഭിക്കുന്ന എല്ലാ സേവനങ്ങളുടെയും വിവ രങ്ങൾ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിൽ നിന്നും ലഭ്യമാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം. ജി. എൻ. ആർ. ഇ. ജി. എ)

2005 സെപ്റ്റംബർ 7 ന് പ്രാബല്യത്തിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ ആംഗങ്ങളുള്ള ഒരു ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നു. മിനിമം കൂലി ഉറപ്പ് നൽകൽ ആകെ ചെലവിൽ വേതന ഘടകം 60% കുറയാൻ പാടില്ല. കരാറുകാർ പാടില്ല, യന്ത്രങ്ങൾ ഉപയോഗിക്കുന്നതിൽ നിയന്ത്രണം, നിർവ്വഹണം പൂർണ്ണമായ ഗ്രാമപഞ്ചായത്തിന് എന്നിവ ഈ പദ്ധതിയുടെ സവിശേഷതകളാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷന് അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ നൽകുന്നതാണ്.

വിവരാവകാശനിയമം 2005

പൊതു അധികാര സ്ഥാപനങ്ങളുടെ വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാകുന്ന്തിനും, സുതാര്യത, വിശ്വാസ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും, അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള വിവരാവകാശ നിയമം 2005 ഒക്ടോബർ 12 ന് പ്രാബല്യത്തിൽ വന്നു. വിവരങ്ങൾ നൽകുന്നതിന് എല്ലാ ഓഫീസുകളിലും ഒരു പബ്ലിക് ഇൻഫോർമേഷൻ ആഫീസറും ഒരു അസി. പബ്ലിക് ഇൻഫർമേഷൻ ആഫീസറും ഉണ്ടായിരിക്കുന്നതാണ്. വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് അപേക്ഷ നൽകണം വിവരങ്ങളും രേഖകളും നൽകുന്നതിന് ഫീസ് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ദാരിദ്രരേഖയിൽ താഴെയുള്ളവർക്ക് അത് തെളിയിക്കുന്ന രേഖ ഹാജരാക്കിയാൽ ഫീസ് അടയ്ക്കേണ്ടതില്ല. അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം വിവരം നൽകേണ്ടതാണ്. വ്യക്തിയുടെ ജീവനയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന വിവരമാണ് ചോദിക്കുന്നതെങ്കിൽ 48 മണിക്കൂറിനകം വിവരം നൽകേണ്ടതാണ്. അപ്പീൽ സംവിധാനവും നിലവിൽ ഉണ്ട്. ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ ആസ്ഥാനം തിരുവനന്തപുരത്ത് പുന്നൻ റോഡിൽ സ്ഥിതിചെയ്യുന്നു.

സംസ്ഥാന സർക്കാരിന്റെ ദുരിതാശ്വാസ പദ്ധതികൾ

റവന്യൂ വകുപ്പ് മുഖേന സംസ്ഥാന സർക്കാർ നൽകുന്ന പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 25,000 രൂപയാണ്. ജില്ലാ കളക്ടർക്കാണ് അപേക്ഷ നൽകേണ്ടത് കൂടുതൽ വിവരങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ ബന്ധപ്പെടേണ്ടതാണ്.

പ്രായപൂർത്തിയായ ആൾ മരണപ്പെട്ടാൽ 50,000 രൂപ

പ്രായപൂർത്തിയാകാത്ത ആൾ മരണപ്പെട്ടാൽ 15,000 രൂപ

പരിക്കേറ്റ കൈകാലുകൾ, കണ്ണുകൾ എന്നിവ നഷ്ടപ്പെട്ടാൽ

(40% ത്തലധികം വികലാംഗത്വം)

പരിക്കേറ്റ് സ്വാകാര്യാശ്രുപത്രിയിൽ വിധേയരായവർക്ക് 1,500 രൂപ (പരമാവധി)

വീട് ഒലിച്ച് പോയാൽ 25,000 രൂപ

വീട് പൂർണ്ണമായി തകർന്നാൽ 15,0000 രൂപ

വീട് ഭാഗികമായി തകർന്നാൽ 5,000 രൂപ

കന്നുകാലികൾ നഷ്ടപ്പെട്ടാൽ 1,500 രൂപ

തൊഴുത്ത് നഷ്ടപ്പെട്ടാൽ 1,250 രൂപ

കിണറിന് നാശനഷ്ടം സംഭവിച്ചാൽ 5,000 രൂപ

തഹസീൽദാർമാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ

1.	ക്രിമിലയർ സർട്ടിഫിക്കറ്റ് (കേരളത്തിന് പുറത്തേക്ക്)	നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച അപേക്ഷ സമർപ്പിക്കണം
2.	പട്ടികജാതി-പട്ടിക വർഗ്ഗ ജാതി സർട്ടിഫിക്കറ്റ്	വില്ലേജാഫീസ് മുഖാന്തിരം സമർപ്പിക്കണം
3.	കൈവശ അവകാശ സർട്ടിഫിക്കറ്റ് (കേരളത്തിന് പുറത്തേക്ക്)	നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് സ്ഥലത്തിന്റെ രേഖകൾ സഹിതം അപേക്ഷ നൽകണം
4.	അന്തരാവകാശ സർട്ടിഫിക്കറ്റ് (500 രൂപ മുതൽ)	500 രൂപ സ്റ്റാമ്പ് പതിച്ച് രേഖകൾ സഹിതം അപേക്ഷ നൽകണം
5.	വരുമാന സർട്ടിഫിക്കറ്റ് (കേരളത്തിന് പുറത്തേക്ക്)	നിശ്ചിത ഫോറത്തിൽ 5 രൂപ സ്റ്റാമ്പ് പതിച്ച് സമർപ്പിക്കണം
6.	വാല്യൂവേഷൻ സർട്ടിഫിക്കറ്റ് (5 ലക്ഷം കഴിഞ്ഞ്)	നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം.

മുകളിൽ പറഞ്ഞിരിക്കുന്ന യാത്രാ സൗജന്യങ്ങൾക്ക് തിരിച്ചറിയൽ കാർഡുകൾ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ സ്ഥാപനത്തിലെ സർട്ടിഫിക്കറ്റ് പരീക്ഷകൾക്കുള്ള ഹാൾടിക്കറ്റുകൾ എന്നിവ ഹാജരാക്കണം. മുതിർന്ന പൗരന്മാർ യാത്രാവേളയിൽ വയസ്സു തെളിയിക്കുന്ന രേഖകൾ കരുതിയിരിക്കണം. കൂടുതൽ വിവിരങ്ങൾക്ക് അടുത്തുള്ള റെയിൽവേ ഓഫീസുമായി ബന്ധപ്പെടണം. ഈ സൗജന്യങ്ങൾ ഇന്ത്യൻ റെയിൽവേയുടെ കാലാകാലങ്ങളിലുള്ള നിബന്ധനകൾക്ക് വിധേയമായിരിക്കും.

വിവരാവകാശ നിയമം 2005 സെക്ഷൻ 4 പ്രകാരം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നത്

ചുവടെ ചേർക്കുന്ന രേഖകൾ ഈ ഓഫീസിൽ നിന്നും നേരിട്ട് പരിശോധനയ്ക്കായി ലഭിക്കുന്നതാണ്.

ക്രമ നമ്പർ	രേഖകൾ	ആരുടെ പക്കൽ നിന്നും ലഭിക്കും
1.	ബി. പി. എൽ. ലിസ്റ്റ്	വി. ഇ. ഒ
2.	സാമൂഹ്യസുരക്ഷാ പെൻഷൻ - ഗുണഭോക്തൃലിസ്റ്റ്	SC3 സെക്ഷൻ
3.	ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള വികസനക്ഷേമ പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ്	SC1 സെക്ഷൻ
4.	വിവിധയിനം ഫണ്ടുകളുടെ വരവു ചെലവ് കണക്ക്	അക്കൗണ്ടന്റ്
5.	പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക	സെക്രട്ടറി / ജൂനിയർ സൂപ്രണ്ട്
6.	ജനനമരണ രജിസ്ട്രേഷൻ, സംബന്ധിച്ച് 1970 മുതലുള്ള ജനനസർട്ടിഫിക്കറ്റുകളും 1970 മുതലുള്ള മരണ സർട്ടിഫിക്കറ്റുകളും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ citizen.lsgkerala.gov.in വെബ് സൈറ്റിൽ ലഭ്യമാണ്)	SC2 സെക്ഷൻ
7.	പൗരാവകാശ രേഖ പഞ്ചായത്തിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധയിനം സേവനങ്ങളും അവയ്ക്കുള്ള നടപടിക്രമങ്ങളും.	ഫ്രണ്ട് ഓഫീസ്
8.	സേവനം ലഭ്യമാക്കുന്ന സമയപരിധിയും ഫീസ് സംബന്ധിച്ച വിവരങ്ങളും അടങ്ങിയ സേവന ബോർഡ് ഫ്രണ്ട് ഓഫീസിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.	
9.	പഞ്ചായത്തിനെ സംബന്ധിച്ച പൊതു വിവരങ്ങൾ പഞ്ചായത്ത് വെബ്സൈറ്റിൽ ലഭ്യമാണ്. www.lsgkerala.in/poothakulampanchayat	

പൊതുജനങ്ങൾക്കുള്ള പരാതികളും നിർദ്ദേശങ്ങളും സെക്രട്ടറിക്കോ, പഞ്ചായത്ത് കമ്മിറ്റിക്കോ ഫ്രണ്ട് ഓഫീസ് മുഖേനയോ, പഞ്ചായത്തിന്റെ ഇ മെയിൽ വിലാസത്തിലോ (poothakulamgp@gmail.com) സമർപ്പിക്കാവുന്നതാണ്. പരാതികൾ നിക്ഷേപിക്കുന്നതിനുള്ള പരാതിപ്പെട്ടിയും 5 മണിക്ക് ശേഷമുള്ള അപേക്ഷകൾ നിക്ഷേപിക്കുന്നതിനുള്ള തപാൽപ്പെട്ടിയും ഫ്രണ്ട് ഓഫീസിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം :

എല്ലാ പ്രവർത്തി ദിവസങ്ങളിലും

രാവിലെ 10.00 മുതൽ 1.15 pm വരെയും

ഉച്ചയ്ക്ക് 2.00 മണിമുതൽ 5.00 മണിവരെയും

NB: **പണം സ്വീകരിക്കുന്നത് 3 pm വരെ മാത്രം**

"ഗ്രാമസഭ അധികാരം ജനങ്ങളിലേയ്ക്ക്"

ഗ്രാമസഭയുടെ പ്രാധാന്യം

അധികാരവികേന്ദ്രീകരണം ആരംഭിച്ച നാൾ മുതൽ പഞ്ചായത്തുകളുടെ ക്ഷേമവികസനപ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗ്രാമസഭകളുടെ പങ്കാളിത്തം അനിവാര്യമാണ്. എന്നാൽ ഗ്രാമസഭകൾ കേവലം ആനുകൂല്യ വിതരണത്തിനായി മാത്രമുള്ള സംവിധാനമായി മാറുകയാണ്. ഇത്തരത്തിലുള്ള പ്രവണതകൾ തീർച്ചയായും ഒഴിവാകേണ്ടതാണ്. ആയതിനു വേണ്ടി ഗ്രാമസഭകളെ ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഗ്രാമസഭകളുടെ ശക്തിപ്പെടുത്താൻ പൊതുജന പങ്കാളിത്തമാണ് ആവശ്യം. അതിനാൽ എല്ലാ ജനങ്ങളും എല്ലാ ഗ്രാമസഭകളിലും പങ്കെടുത്ത് പ്രാദേശിക വികസനത്തിൽ പങ്കാളികാകുന്നതിനു ശ്രമിക്കേണ്ടതാണ്.

ഗ്രാമസഭകളുടെ ഉദ്ദേശ്യം :

- പ്രാദേശിക വികസനത്തിനുള്ള തീരുമാനങ്ങളും നിർദ്ദേശങ്ങളും തയ്യാറാക്കുക. ആയത് നടപ്പിലാക്കിയോ ഇല്ലയോ എന്ന് പരിശോധിക്കുക.
- വിവിധതരം ആനുകൂല്യം നൽകുന്നതിനു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക. അനർഹരായ ആളുകളെ ഒഴിവാക്കുക, പലവിധ ആനുകൂല്യങ്ങളും യഥാർത്ഥ ഗുണഭോക്താവിനാണ് ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തുക.
- വിവിധ ക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും ലിസ്റ്റ് അംഗീകരിക്കലും
- വാർഷിക പദ്ധതികളുടെ അവലോകനം നടത്തുക.
- ഗ്രാമസഭ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് വാർഷികപദ്ധതി തയ്യാറാക്കിയത് എന്ന് പരിശോധിക്കുക.

തുടങ്ങി എല്ലാവിധ വികസനക്ഷേമ പ്രവർത്തനങ്ങളുടെയും കടിഞ്ഞാൺ ഗ്രാമസഭകൾക്ക്, പൊതുജനങ്ങളിലേക്ക് കൈമാറിക്കൊണ്ടാണ് അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്ക് 1996 - 1997 കാലഘട്ടത്തിൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പിലാക്കിയത്. അധികാരം ജനങ്ങളിലെത്തുമ്പോൾ പ്രാദേശിക വികസനവും, സാമൂഹിക നീതിയും ഉറപ്പുവരുത്തുന്നതിനു കഴിയുമെന്നുള്ള കാഴ്ചപ്പാടാണ് ഈ വിപ്ലവകരമായ തീരുമാനത്തിന് നിദാനമായത്. നിങ്ങൾ ഗ്രാമസഭകളിൽ പങ്കെടുക്കുന്നില്ല എങ്കിൽ നിങ്ങളുടെ നാടിന്റെ വികസനത്തിൽ നിങ്ങളുടെ പങ്കാളിത്തം ഇല്ല എന്നാണ് അർത്ഥമാക്കുന്നത്. ആയതിനാൽ എല്ലാ ജനങ്ങളും ഗ്രാമസഭകളിൽ പങ്കെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഗ്രാമസഭകളുടെ നടത്തിപ്പ് : (സെക്ഷൻ 3, അദ്ധ്യായം II കേരള പഞ്ചായത്ത് രാജ് നിയമങ്ങളും, ചട്ടങ്ങളും)

- ഒരു ഗ്രാമപഞ്ചായത്തിന്റെ വാർഡിലെ വോട്ടർപട്ടികയിൽ പേരു ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്ന് ആ വാർഡിന്റെ ഗ്രാമസഭ രൂപീകൃതമായി കരുതേണ്ടതാണ്.

- ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്നുമാസത്തിലൊരിക്കലെങ്കിലും (ഗ്രാമസഭയുടെ കൺവീനർ പഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും യോഗം ചേരേണ്ടതും, യോഗം ചേരുന്ന വിവരം ഒരു പൊതു നോട്ടീസ് മുഖേന ഗ്രാമസഭ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതുമാണ്.
- ഗ്രാമസഭയിലെ പത്ത് ശതമാനത്തിൽ കുറയാതെയുള്ള അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ആവശ്യത്തോടൊപ്പം നൽകിയിട്ടുള്ള കാര്യപരിപാടിയോടുകൂടി ഗ്രാമസഭയുടെ ഒരു പ്രത്യേക യോഗം കൺവീനർ

  പതിനഞ്ചു ദിവസത്തിനകം വിളിച്ചുകൂട്ടേണ്ടതാണ്. എന്നിരുന്നാലും ഇത്തരം യോഗം രണ്ട് സാധാരണ ഗ്രാമസഭാ യോഗങ്ങൾക്കിടയിലുള്ള കാലയളവിൽ ഒരിക്കൽ മാത്രം ആയിരിക്കേണ്ടതാണ്.
- വാർഡിലെ പഞ്ചായത്തംഗം ആ ഗ്രാമസഭയുടെ കൺവീനറായിരിക്കുന്നതും, എന്നാൽ എന്തെങ്കിലും കാരണവശാൽ കൺവീനർക്ക് തന്റെ കടമകൾ നിർവ്വഹിക്കുന്നതിന് ശാരീരികമായോ, മറ്റ് തരത്തിലോ സാധിക്കാതെ വന്നാൽ, പ്രസിഡന്റിന് തൊട്ടടുത്തുള്ള ഏതെങ്കിലും വാർഡിലെ പഞ്ചായത്തംഗത്തെ കൺവീനറായി നിയമിക്കാവുന്നതാണ്.
- ഗ്രാമസഭയുടെ ഏതൊരു യോഗത്തിലു ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ, അഥവാ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റോ, അല്ലെങ്കിൽ അവരുടെ രണ്ടു പേരുടെയും അസാന്നിദ്ധ്യത്തിൽ ഗ്രാമസഭയുടെ കൺവീനറോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

  ആ നിയോജകമണ്ഡലത്തെ സംബന്ധിച്ചു മുൻവർഷത്തെ വികസന പരിപാടികളുടെയും നടപ്പു വർഷത്തിൽ
- ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളെയും അതിനുവേണ്ടിവരുന്ന ചെലവിനെയും സംബന്ധിച്ച ഒരു റിപ്പോർട്ടും ഒരു വർഷത്തിലെ ആദ്യയോഗത്തിൽ ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്.
- ഗ്രാമസഭയുടെ ഏതെങ്കിലും തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അദ്ധ്യക്ഷൻ അതിനുള്ള കാരണം ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഗ്രാമസഭയുടെ അധികാരങ്ങളും, ചുമതലകളും, അവകാശങ്ങളും :

- പഞ്ചായത്തിന്റെ വികസനപദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായക്കുക.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടെയും വികസന പരിപാടികളുടെയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക.
- ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച്, മുൻഗണനാക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക.

- പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകിക്കൊണ്ട് വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായങ്ങൾ ചെയ്തുകൊടുക്കുക.
- വികസന പദ്ധതികൾക്കാവശ്യമായ സന്നദ്ധസേവനവും പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുകയും സാഹരിക്കുകയും ചെയ്യുക.
- തെരുവ് വിളക്കുകൾ, തെരുവിലേയോ അല്ലെങ്കിൽ പൊതുവായതോ ആയ വാട്ടർടാപ്പുകൾ, പൊതുകിണറുകൾ, പൊതുസാനിട്ടേഷൻ യൂണിറ്റുകൾ, ജലസേചന സൗകര്യങ്ങൾ മറ്റ് പൊതു ആവശ്യപദ്ധതികൾ ഇവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക.
- ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതു താല്പര്യമുള്ള സംഗതികളെ സംബന്ധിച്ച അറിവ് പകരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും, അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരേ സംരക്ഷണം നൽകുകയും ചെയ്യുക.
- ഗ്രാമസഭയുടെ പ്രദേശത്ത് വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുകയും ആ പ്രദേശത്തെ ആളുകളിൽ സന്മനോഭാവം വളർത്തുന്നതിനായി കലാകായിക മേളകൾ സംഘടിപ്പിക്കുയും ചെയ്യുക.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുയും സാഹയിക്കുകയും ചെയ്യുക.
- സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധ ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുക.
  ഗ്രാമസഭയുടെ ക്വോറം പ്രസ്തുത വാർഡിലെ ആകെ വോട്ടർമാരുടെ എണ്ണത്തിന്റെ പത്ത് ശതമാനം ആയിരിക്കുന്നതാണ്.
- ഏതെങ്കിലും പദ്ധതിയോ പ്രോജക്ടോ പ്ലാനോ പ്രകാരം ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടി വരുമ്പോൾ അതിനുള്ള അർഹതയുടെയും മുൻഗണനാക്രമത്തിന്റെയും മാനദണ്ഡം, പദ്ധതിയിലോ പ്രോജക്ടിലോ പ്ലാനിലോ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും നിധേയമായി പഞ്ചായത്തുകൾ നിശ്ചയിക്കേണ്ടതും, അങ്ങനെയുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെട്ട പ്രകാരം പരസ്യപ്പെടുത്തേണ്ടതും ഗ്രാമസഭകളെ അറിയിക്കേണ്ടതുമാണ്.
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തുകയും ചെയ്തശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതതു ഗ്രാമസഭാ പ്രദേശത്തുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽ വച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തേണ്ടതും

മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അധികാരത്തിന് അയയ്ക്കേണ്ടതുമാണ്.

✱ എന്നാൽ ഗ്രാമസഭ അംഗീകാരത്തിന് അയയ്ക്കുന്ന ലിസ്റ്റിലെ മുൻഗണനാ ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്തുവാൻ പാടില്ലാത്തതാണ്.

ഇത്രയും അധികാരമുള്ള ഗ്രാമസഭകളിൽ ക്വോറം കഷ്ടിച്ചു മാത്രം ചേർന്ന് യോഗം ചേരുന്നത് അനർഹർക്ക് ആനുകൂല്യം ലഭിക്കുന്നതിന് കാരണമാകും. കേവലം പത്തുശതമാനം ആളുകൾ മാത്രം ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ആനുകൂല്യം കുറച്ചാളുകളിൽ മാത്രം കേന്ദ്രീകരിക്കുന്നതിന് കാരണമാകും. ആയതിനാൽ ഗ്രാമസഭയിൽ പരമാവധി ആളുകൾ പങ്കെടുക്കേണ്ടതും ഗുണഭോക്തൃ ലിസ്റ്റിൽ മുൻഗണന തീരുമാനിക്കേണ്ടതും അനിവാര്യമാണ്. നിങ്ങളുടെ എല്ലാവരുടെയും പങ്കാളിത്തം ഗ്രാമസഭയിൽ പ്രതീക്ഷിച്ചു കൊണ്ട്

വിശ്വസ്തതയോടെ,

(ഒപ്പ്)

രാജേഷ് ആർ.

സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത്

പ്ലാസ്റ്റിക് ഉപേക്ഷിക്കു. പരിസ്ഥിതി മലിനീകരണത്തിൽ നിന്നും നാടിനെ സംരക്ഷിക്കുക. നമ്മുടെ പരിസ്ഥിതിയെ മലിനപ്പെടുത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കുക. നമ്മുടെ നാടിന്റെ പരിസ്ഥിതിക്ക് കോട്ടം വരാത്തതരത്തിൽ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമ്മുടേതുമാത്രമാണ്. നമ്മുടെ ഉത്തരവാദിത്വം പാലിക്കുക.. വരും തലമുറയ്ക്ക് വാസയോഗ്യമായ പരിസ്ഥിതി കൈമാറു.....

ഓരോ മാലിന്യ ഉല്പാദകനും ഹരിതകർമ്മസേനയ്ക്ക് മാസം തോറും
അജൈവമാലിന്യം കൈമാറി യൂസർഫീ നൽകേണ്ടതാണ്.
തൊണ്ണൂറ് ദിവസത്തിനുശേഷവും യൂസർഫീ അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ
അത് പ്രതിമാസം 50% പിഴയോടുകൂടി ഈടാക്കുന്നതാണ്.
യൂസർഫീ അടയ്ക്കാൻ വീഴ്ച വരുത്തുന്ന ആളിന് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള
ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണ്.

പൂതക്കുളം ഗ്രാമപഞ്ചായത്ത്

അങ്കണവാടികളുടെ വിവരങ്ങൾ

ക്രമ നമ്പർ	അങ്കണവാടി നമ്പർ	അങ്കണവാടിയുടെ പേര്	വാർഡ്	സ്വന്തമായി കെട്ടിടം ഉണ്ട് / ഇല്ല
1.	129	ചെമ്പകശ്ശേരി	ഊന്നിൻമൂട്	ഉണ്ട്
2.	130	മിനി സ്റ്റേഡിയം	പൂതക്കുളം	ഉണ്ട്
3.	131	ആലിന്റെമൂട്	പൂതക്കുളം	ഉണ്ട്
4.	132	പുത്തൻകുളം	പുത്തൻകുളം	ഉണ്ട്
5.	133	സി.എച്ച്.സി. കലയ്ക്കോട്	കലയ്ക്കോട്	ഉണ്ട്
6.	134	ചക്കവിള	കലയ്ക്കോട്	ഉണ്ട്
7.	135	കരടിമുക്ക്	പൂതക്കുളം	ഉണ്ട്
8.	136	കോട്ടുവൻകോണം	പൂതക്കുളം	ഉണ്ട്
9.	137	പണ്ടാരവിള	പൂതക്കുളം	ഉണ്ട്
10.	138	ഇടയാടി	പൂതക്കുളം	ഉണ്ട്
11.	139	കലയ്ക്കോട്	കലയ്ക്കോട്	ഉണ്ട്
12.	140	തലക്കുളം	പുത്തൻകുളം	ഉണ്ട്
13.	141	പാറവിള	കലയ്ക്കോട്	ഉണ്ട്
14.	142	നെല്ലേറ്റിൽ	നെല്ലേറ്റിൽ	ഉണ്ട്
15.	143	ഡീസന്റ്മുക്ക്	പൂതക്കുളം	ഉണ്ട്
16.	144	ഞാറോഡ്	കലയ്ക്കോട്	ഉണ്ട്
17.	145	മാവിള	പൂതക്കുളം	ഉണ്ട്
18.	146	ഈഴംവിള	പൂതക്കുളം	ഉണ്ട്
19.	147	വാറുവിള	പൂതക്കുളം	ഉണ്ട്
20.	148	കാട്ടിക്കട	പുത്തൻകുളം	ഉണ്ട്
21.	149	കലയ്ക്കോട്	കലയ്ക്കോട്	ഉണ്ട്
22.	150	കൂനംകുളം	പൂതക്കുളം	ഉണ്ട്
23.	151	ഇടയാടി, മുക്കം	പൂതക്കുളം	ഉണ്ട്
24.	152	പെരുംകുളം	കലയ്ക്കോട്	ഉണ്ട്
25.	153	പുന്നേക്കുളം	പൂതക്കുളം	ഉണ്ട്
26.	154	മുക്കട	പൂതക്കുളം	ഉണ്ട്
27.	155	പുത്തൻകുളം	പുത്തൻകുളം	ഉണ്ട്
28.	156	കോട്ടുവൻകോണം	പൂതക്കുളം	ഉണ്ട്

പൂതക്കുളം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാകുന്ന സേവനങ്ങൾ
ഗ്രാമപഞ്ചായത്താഫീസ് – പ്രസിഡന്റ്

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട – നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയ പരിധി	അടയ്ക്കേണ്ട ഫീസ്	റിമാർക്സ്
1	സ്വഭാവ സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ പരിചയക്കുറിപ്പോടെ ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റിനെ നേരിട്ട് കാണുക	തത്സമയം	ഇല്ല	
2	ഉദ്യോഗ നിയമനത്തോടനുബന്ധിച്ച് നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ പരിചയക്കുറിപ്പോടെ ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റിനെ നേരിട്ട് കാണുക	തത്സമയം	ഇല്ല	
3	റേഷൻ കാർഡിൽ പേരുൾപ്പെടുന്നതിനുള്ള സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ എഴുതിയ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറുപ്പ്, റേഷൻ കാർഡുകൾ എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ പ്രസിഡന്റിനെ നേരിട്ട് കാണുക.	തത്സമയം	ഇല്ല	
4	തൊഴിൽ രഹിതനെന്ന സർട്ടിഫിക്കറ്റ്	ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ ഓഫീസ് സമയങ്ങളിൽ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടെ നേരിട്ട് കാണുക.	തത്സമയം	ഇല്ല	
5	പേരിലോ വീട്ടുപേരിലോ മാറ്റം വന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ്	ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ ഓഫീസ് സമയങ്ങളിൽ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടെ നേരിട്ട് കാണുക.	തത്സമയം	ഇല്ല	
6	ലൈഫ് സർട്ടിഫിക്കറ്റ്	പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേയ്മെന്റ് ഓർഡർ സഹിതം ഓഫീസ് സയങ്ങളിൽ പ്രസിഡന്റിനെ നേരിട്ട് കാണുക.	തത്സമയം	ഇല്ല	
7	സ്റ്റേറ്റുമെന്റുകളും പ്രസ്താവനകളും സത്യബോദ്ധ്യപ്പെടുത്തൽ	പഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ട് സമീപിച്ച് പ്രസിഡന്റിന് മുമ്പാകെ ഒപ്പിടുക	തത്സമയം	ഇല്ല	

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട – നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയ പരിധി	അടയ്ക്കേണ്ട ഫീസ്	റിമാർക്സ്
8	ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ	ഒപ്പിന്റെ കാര്യത്തിൽ നേരിട്ട് സമീപിച്ച് പ്രസിഡന്റിന് മുന്നിൽ ഒപ്പിടുക പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ ഹാജരാക്കണം.	തത്സമയം	ഇല്ല	
9	ഭവന നിർമ്മാണ ബോർഡിലും മറ്റും ഹാജരാക്കുന്നതിന് സബ്സിഡിക്ക് അർഹരായവരുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്	റേഷൻ കാർഡ് സഹിതം പ്രസിഡന്റിനെ നേരിട്ട് സമീപിക്കുക	തത്സമയം തത്സമയം	ഇല്ല	
10	വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിനുള്ള കുടുംബബന്ധം സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ്	വിവാഹ സർട്ടിഫിക്കറ്റ് റേഷൻ കാർഡ് എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ പ്രസിഡന്റിനെ നേരിട്ട് കാണുക.	തത്സമയം	ഇല്ല	
11	കെട്ടിട ഉടവസ്ഥാവകാശ സർട്ടിഫിക്കറ്റ്	5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച വെള്ളക്കടലാസിലെഴുതിയ അപേക്ഷ നികുതി കുടിശ്ശികയുണ്ടെങ്കിൽ അടച്ചുതീർത്ത് ഗ്രാമപഞ്ചായത്തുസെക്രട്ടറിക്ക് സമർപ്പിക്കുക.	3 പ്രവൃത്തി ദിവസത്തിനകം	ഇല്ല	
12	വാസയോഗ്യമായ വീടില്ല എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ്	അപേക്ഷകന്റെയും കുടുംബത്തിന്റെയും പേരും വീട്ടുപേരും രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ വെള്ളക്കടലാസിലെഴുതി 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച് സെക്രട്ടറിക്ക് സമർപ്പിക്കുക.	2 ദിവസം	ഇല്ല	
